<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219</u> <u>22-02-2022 - ൽ മറുപടിയ്ക്ക്</u>

<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും വിരമിച്ച വ്യക്തിയുടെ പെൻഷൻ ലഭ്യമാക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2011 മാർച്ച് മാസം ആലപ്പുഴ മെഡിക്കൽ കോളേജിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ബാലകൃഷ്ണൻ പി. എന്ന വ്യക്തിയുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇതുവരെ അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിരമിച്ചിട്ട് 11 വർഷമാകുന്ന ഇദ്ദേഹത്തിന് പെൻഷൻ അനുവദിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ; | (ബി) | ശ്രീ.ബാലകൃഷ്ണൻ.പി 2006-ൽ സസ്പെൻഷനിലാവുകയും 2010-ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും 2011-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. എന്നാൽ 2015 വരെ ടിയാൻ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കാൻ കഴിയാത്തതിനാലാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകാൻ കഴിയാത്തത്. |
| (സി) | ആലപ്പുഴ ഗവ: മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിക്ക് നൽകിയ പെൻഷനുമായി ബന്ധപ്പെട്ട് നം. ഇ2/8142/2011/ റ്റി.ഡി.എം.സി.എ. തീയതി 17.02.2017-കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ശ്രീ.ബാലകൃഷ്ണൻ.പി-യുടെ സേവനപുസ്തകവും അച്ചടക്കനടപടി സംബന്ധിച്ച ഫയലുകളും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നു ലഭ്യമാക്കി അച്ചടക്ക നടപടി പൂർത്തിയാക്കി എത്രയും വേഗം പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്. |
| (ഡി) | ടി വ്യക്തിയുടെ പെൻഷനുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ ഓഫീസിലുള്ള നടപ്പ് ഫയലിന്റെ നമ്പർ വ്യക്തമാക്കാമോ; | (ഡി) | ശ്രീ.ബാലകൃഷ്ണൻ.പി-യുടെ സേവനപുസ്തകവും അച്ചടക്കനടപടി സംബന്ധിച്ച ഫയലുകളും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നു ലഭ്യമാക്കി അച്ചടക്ക നടപടി പൂർത്തിയാക്കി എത്രയും വേഗം പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്. |
| (ഇ) | ഫയൽ എത്ര സമയത്തിനുള്ളിൽ തീർപ്പാക്കി പെൻഷൻ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ശ്രീ.ബാലകൃഷ്ണൻ.പി-യുടെ സേവനപുസ്തകവും അച്ചടക്കനടപടി സംബന്ധിച്ച ഫയലുകളും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നു ലഭ്യമാക്കി അച്ചടക്ക നടപടി പൂർത്തിയാക്കി എത്രയും വേഗം പെൻഷൻ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള നടപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ